**ഭരണഭാഷ -മാതൃ ഭാഷ**

എസ് (1 )/48/2025/ കെ എസ് എസ് സി(1)

കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ
SASA ബിൽഡിങ്, കൈമനം
തിരുവനന്തപുരം-18 .ഫോൺ നം.04712998879
**തീയതി : 27/03/2025**
email : statisticalcommission@gmail.com

**ക്വട്ടേഷൻ നോട്ടീസ്**

കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ഓഫീസ് പ്രവർത്തനം 01.11.2021 മുതൽ ആരംഭിക്കുകയും നിലവിൽ കൈമനത്തുള്ള SASA ബിൽഡിംഗിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കമ്മീഷന്റെ ആവശ്യത്തിലേക്കായി ചുവടെ പറയുന്ന തരത്തിലുള്ള വാഹനം (ഡ്രൈവർ ഉൾപ്പെടെ ) വാടകയ്ക്ക് ലഭ്യമാക്കുന്നതിന് വ്യക്തികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| വാഹനം | ഇന്നോവ ക്രിസ്റ്റ(White colour ) -1 എണ്ണം |
| മോഡൽ | 2022 മുതൽ |
| കാലാവധി | 1 വർഷം |
| ഓടേണ്ട പ്രതിമാസ കിലോ മീറ്റർ | 1000 km |

**താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ ക്വട്ടേഷൻ നല്കേണ്ടതാണ്**

| Model | Name of Agency/Individual | Rate/1000 K.M/ Month (Rs.) | Rate of Additional K.M(Rs./K.M) | Registration No.of the Vehicle & Manufacturing year | Odometer Reading as on date |
|---|---|---|---|---|---|
| | | | | | |

**നിബന്ധനകൾ**

1. ഡ്രൈവർ ഉൾപ്പെടെ വാഹനം ലഭ്യമാക്കേണ്ടതാണ്. ഡ്രൈവറുടെ ശമ്പളം ,ക്ഷേമനിധി ,ബാറ്റ, അലവൻസുകൾ, എന്നിവ വാഹന ഉടമ / സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്.
2. കമ്മീഷന്റെ ഓഫീസിൽ നിന്നും വാഹന വാടക മാത്രം നല്കുന്നതാണ്.
3. വാഹന ഉടമ സ്ഥിരമായി ഒരു ഡ്രൈവറെ നിയമിക്കേണ്ടതാണ്. Custodian Officer-ന്റെ അനുമതിയില്ലാതെ ഡ്രൈവറെ മാറ്റാൻ പാടില്ല.
4. വാഹനം ഓട്ടുന്നതിനുള്ള ഇന്ധനം, അറ്റകുറ്റപണികൾ, ഇൻഷ്വറൻസ്, ട്രാഫിക് ഫൈൻ തുടങ്ങി എല്ലാ ചെലവുകളും വാഹന ഉടമ / സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരു ബാധ്യതയും ഈ ഓഫീസിന് ഉണ്ടായിരിക്കുന്നതല്ല.

5. പ്രതിമാസം 1000 കിലോമീറ്റർ ഓടുന്ന വിധത്തിൽ എല്ലാ നികുതികളും ഉൾപ്പെടെയുള്ള പ്രതിമാസ വാടക ക്വാട്ട് ചെയ്യണം.
6. ഒരു മാസത്തിൽ ആകെ ഓടുന്ന ദൂരം 1000 കിലോമീറ്റർ കൂടുകയോ കുറയുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത അധിക /കുറവ് കിലോമീറ്റർ തുടർന്നുള്ള മാസങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നതും ആറു മാസത്തിൽ ആകെ 6000 കിലോമീറ്റർ ദൂരം മാത്രമായി നിജപ്പെടുത്തുന്ന തരത്തിൽ ക്രമീകരിക്കുന്നതുമാണ്.
7. 1000 കിലോമീറ്ററിന് മുകളിൽ ഒരു മാസം ഓടുന്നപക്ഷം ഓരോ കിലോമീറ്ററിനും ഉള്ള നിരക്കും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.
8. വാഹനം ഞായർ ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിൽ ഏത് ദിവസവും Custodian Officer നിർദ്ദേശിക്കുന്ന ഏത് സമയത്തും വാഹനം ലഭ്യമാക്കേണ്ടതും ഓടാത്ത സമയത്തും രാത്രിയിലും പൂർണ്ണമായും Custodian Officer നിർദ്ദേശിക്കുന്ന ഓഫീസിൽ തന്നെ പാർക്ക് ചെയ്യേണ്ടതുമാണ്. ആയതിലേയ്ക്ക് അധിക ചാർജ്ജുകളോ അലവൻസുകളോ ബാറ്റയോ ഉണ്ടായിരിക്കുന്നതല്ല.
9. ക്വട്ടേഷനോടൊപ്പം വാഹനത്തിന്റെ ആർ . സി . ബുക്ക് , ഇൻഷുറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ഒടുക്കിയ രേഖ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും ആകെ ഓടിയ കിലോമീറ്ററും ക്വട്ടേഷനോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
10. ഔദ്യോഗിക ആവശ്യവുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെയുള്ള യാത്രകൾക്ക് വാഹനം ഉപയോഗിക്കേണ്ടതുണ്ട്.
11. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ കമ്മീഷൻ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.
12. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കൈമനത്തുള്ള SASA ബിൽഡിംഗിലെ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഓഫീസിൽ നിന്നും പ്രവർത്തിദിനങ്ങളിൽ ലഭ്യമാണ്.
13. കരാർ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാത്തതോ, സമയപരിധി കഴിഞ്ഞതോ ആയ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്

ക്വട്ടേഷനുകൾ **10.04.2025** തീയതി വൈകിട്ട് **3.00 മണി** വരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകീട്ട് **3.30 ന്** കമ്മീഷൻ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതും, വാഹനങ്ങൾ രജിസ്റ്റർ ചെയ്ത വർഷം, വാഹനം ഇതുവരെ ഓടിയിട്ടുള്ള കിലോമീറ്റർ, ക്വാട്ട് ചെയ്തിരിക്കുന്ന തുക എന്നിവയുടെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയോ മറ്റ് തടസ്സങ്ങളോ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ക്വട്ടേഷൻ അടങ്ങിയ കവറിനു മുകളിൽ 'Quotation for Hiring Vehicle' എന്ന മേലെഴുത്ത് ഉണ്ടാവണം. അവരവരുടെ സ്വന്തം ലെറ്റർ ഹെഡുകളിൽ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്. അനുവദിച്ചിരിക്കുന്ന സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ നല്കിയവർക്കോ അവരുടെ പ്രതിനിധികൾക്കോ ക്വട്ടേഷൻ തുറക്കുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

**ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം : സെക്രട്ടറി,**

**കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ,**

**SASA ബിൽഡിങ്, കൈമനം, തിരുവനന്തപുരം-18**

കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ, തിരുവനന്തപുരം -18, SASA ബിൽഡിംഗ്, കൈമനം

Leelidew

സെക്രട്ടറി

കെ എസ് എസ് സി